# വൃദ്ധസംരക്ഷണത്തിന് പ്രത്യേക നിയമം വരുന്നു

വൃദ്ധജനങ്ങളുടെ താല്പര്യസംരക്ഷണത്തിനായി പ്രത്യേക പദ്ധതികളും നിയമനിർമ്മാണവും നടത്താൻ കേരള സർക്കാർ ആലോചിക്കുന്നു.

1991ലെ കാനേഷുമാരി കണക്കനുസരിച്ച് സംസ്ഥാനത്തെ ജനസംഖ്യയുടെ 9 ശതമാനമാണ് വൃദ്ധജനങ്ങൾ. 2020 ആകുമ്പോൾ ഇത് 12 ശതമാനമായി ഉയരുമെന്നാണ് വിദഗ്ദ്ധ മതം. ഇത് പലവിധ സാമൂഹ്യപ്രശ്നങ്ങൾക്കും കാരണമാകുമെന്ന് ആസൂത്രണ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു.

കേരളത്തിലെ മാറിയ കുടുംബ സാഹചര്യത്തിൽ വൃദ്ധജനങ്ങൾ ഏറെ ഒറ്റപ്പെടലും ശാരീരിക - മാനസിക പ്രശ്നങ്ങളും നേരിടുകയാണ്. അവശരും രോഗികളുമായ മാതാപിതാ



ക്കളെ സംരക്ഷിക്കാൻ തീരെ താത്പര്യം കാണിക്കാത്ത ഒരു തലമുറയാണ് വളർന്നുവരുന്നത് എന്നതാണ് ആശങ്കയുണ്ടാക്കുന്ന കാര്യം. അതുകൊണ്ടുതന്നെ വൃദ്ധരുടെ താമസം, ചികിത്സ, പരിചരണം, മാനസികാരോഗ്യം നിലനിർത്തൽ എന്നിവയെല്ലാം കുടുംബത്തിന്റെ ചുമതല എന്ന നിലമാറി സമൂഹത്തിന്റെ ചുമതലയാവുന്ന ഒരവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ഈ സാധ്യത മുൻകൂട്ടി കണ്ടുകൊണ്ട്, കേന്ദ്രതലത്തിൽ ചില നിയമനിർമാണങ്ങൾ നടന്നുവരികയാണ്. ഇന്ത്യൻ സംസ്ഥാനങ്ങളിൽവെച്ച് വൃദ്ധരുടെ അനുപാതം ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണെന്നത്, ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്താൻ ഭരണകൂടത്തെ പ്രേരിപ്പിക്കുന്നുണ്ട്.